പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.343 03.02.2020 ൽ മറുപടിയ്ക്ക്

## കാട്ടാക്കട കേന്ദ്രമായി ന്യായവില ഷോപ്പ്

| ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| കാട്ടാക്കട കേന്ദ്രമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിൽ ഭക്ഷ്യധാന്യങ്ങൾക്കായുള്ള ന്യായവില ഷോപ്പ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ? | കാട്ടാക്കടയിൽ നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥലത്ത് ഒരു പുതിയ സൂപ്പർ മാർക്കറ്റും, അമ്പലത്തിൻകാല എന്ന സ്ഥലത്ത് ഒരു പുതിയ മാവേലി സ്റ്റോറും ആരംഭിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് വിപണന സാധ്യതയുടെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ വിൽപ്പന ശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു ഗ്രാമപഞ്ചായത്തിൽ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സർക്കാർ മാനദണ്ഡമനുസരിച്ചുള്ള വാടക രഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾക്കുള്ള 1 ലക്ഷം രൂപയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തേണ്ടതുണ്ട്. ഇവ കൂടി ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ